*ഭരണഭാഷ മാതൃഭാഷ*

എൻ.എം(എ)1/61202 /2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 15-11-2018

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**തിരുവനന്തപുരം.**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/**
**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/**
**നൂൺഫീഡിംഗ് സൂപ്പർവൈസർമാർക്കും/നൂൺമീൽ ആഫീസർമാർക്കും.**

സർ,

**വിഷയം:-** പൊതു വിദ്യാഭ്യാസം - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - 2018-19 - ഉച്ചക്കഞ്ഞി എന്ന പദപ്രയോഗം പൂർണ്ണമായും ഒഴിവാക്കുന്നത്- നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച് .

**സൂചന:-**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കഴിഞ്ഞ ഒരു ദശാബ്ദ കാലത്തിനുള്ളിൽ കാലികമായ ഏറെ മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കും വിധേയമായിട്ടുണ്ട്. വിശപ്പകറ്റുക, ഹാജർനില വർദ്ധിപ്പിക്കുക, അക്കാദമിക് വർഷത്തിനിടയ്ക്കുള്ള കൊഴിഞ്ഞ്പോക്ക് തടയുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ മുൻ നിർത്തി ആരംഭിച്ച പദ്ധതി ഇന്ന് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഉച്ചഭക്ഷണം പ്രദാനം ചെയ്യുക വഴി കുട്ടികളിലെ ന്യൂന പോഷക രോഗാവസ്ഥകൾ തുടച്ചുനീക്കി മികച്ച ശാരീരിക, മാനസ്സികാരോഗ്യമുള്ള ഒരു പുതു യുവ തലമുറയെ വാർത്തെടുക്കുന്നതിന് മുൻഗണന നൽകുന്നു.

1984 ഡിസംബർ 1-ാം തീയതിയാണ് സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ഔദ്യോഗികമായി തുടക്കം കുറിക്കുന്നത്. അതിനുമുൻപ് ഏറെക്കാലം (1961 ൽ തുടങ്ങി 1985 ൽ അവസാനിച്ച പദ്ധതി) CARE (Corporate Assistance for Relief Everywhere) എന്ന ഹ്യുമാനിറ്റേറിയൻ ഏജൻസിയുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്ന ഒരു പദ്ധതി സംസ്ഥാനത്ത് പലയിടങ്ങളിലും നിലവിലുണ്ടായിരുന്നു. 1984 ൽ ഉച്ചഭക്ഷണ പദ്ധതി ഔദ്യോഗികമായി ആരംഭിച്ചതു മുതൽ സംസ്ഥാനത്ത് ഏറെക്കാലം കഞ്ഞിയും പയറും ആയിരുന്നു ഉച്ചഭക്ഷണമായി കുട്ടികൾക്ക് നൽകി വന്നിരുന്നത്.

ഉച്ചഭക്ഷണം കുട്ടികളുടെ ന്യായമായ അവകാശമാണെന്നും പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 300 കലോറി ഊർജ്ജവും 8 മുതൽ 12 ഗ്രാം മാംസ്യവും പ്രദാനം ചെയ്യുന്ന ഉച്ചഭക്ഷണം ഒരു അക്കാദമിക് വർഷം 200 പ്രവർത്തി ദിവസങ്ങളിലെങ്കിലും നൽകുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥരാണെന്ന ബഹു: സുപ്രീം കോടതിയുടെ 28-11-2001 ലെ ചരിത്രപരമായ വിധിന്യായവും തുടർന്ന് പദ്ധതി നടത്തിപ്പിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച 20-04-2004 ലെ ബഹു:സുപ്രീം കോടതിയുടെ തന്നെ ഉത്തരവുകളും പദ്ധതി നടത്തിപ്പിൽ പുരോഗമനപരവും കാലാനുസൃതവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഹേതുവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 2006 ൽ ഉച്ചഭക്ഷണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ (MID DAY MEAL GUIDELINES 2006) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. ഇതേ കാലയളവിൽ സംസ്ഥാനത്ത് പദ്ധതി എപ്രകാരം നടപ്പിലാക്കണം എന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചു. ഇതിന്റെയൊക്കെ ആകെ ഫലമായാണ് എന്നും കഞ്ഞിയും പയറും എന്ന സമ്പ്രദായം ഉടച്ചുവാർത്ത് ധാന്യകം, മാംസ്യം, കൊഴുപ്പ്, ധാതുക്കൾ, വിറ്റാമിനുകൾ എന്നിവ അടങ്ങുന്ന വൈവിദ്ധ്യങ്ങളായ ഭക്ഷണ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയ ഒരു ഉച്ചഭക്ഷണ മെനു അവതരിപ്പിക്കപ്പെട്ടതും കഞ്ഞിക്ക് പകരം ചോറ് നൽകുന്ന സമ്പ്രദായം നിലവിൽ വന്നതും. ഇന്ന് ഉച്ചഭക്ഷണത്തിന് കുട്ടികൾക്ക് ചോറിനോടൊപ്പം ഒരു കറിയും രണ്ട് വിഭവങ്ങളും നൽകുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കുട്ടികളുടെ താത്പര്യം കണക്കിലെടുത്തും പല സ്കൂളുകളും മത്സ്യവും, മാംസാഹാരവും ചില ദിവസങ്ങളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണത്തോടൊപ്പം നൽകി വരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാന സർക്കാരിന്റെ തനത് വിഭവശേഷി ഉപയോഗിച്ച് ആഴ്ചയിൽ 2 ദിവസം പാലും ഒരു ദിവസം മുട്ടയും കുട്ടികൾക്ക് നൽകി വരുന്നു.

എന്നാൽ 'കഞ്ഞിയും പയറു'മെന്ന സമ്പ്രദായം മാറ്റി ചോറും കറികളുമടങ്ങുന്ന ഉച്ചഭക്ഷണം നൽകിത്തുടങ്ങിയിട്ട് ഏറെ വർഷങ്ങളായെങ്കിലും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക രേഖകളിലടക്കം പലയിടത്തും ഉച്ചഭക്ഷണം എന്ന വാക്കിനു പകരം 'ഉച്ചക്കഞ്ഞി', 'കഞ്ഞി' എന്ന പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല സ്കൂളുകളിലും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ

'ഉച്ചക്കഞ്ഞി രജിസ്റ്റർ' എന്ന് രേഖപ്പെടുത്തുന്നതായും പാചകപ്പുരയ്ക്ക് 'കഞ്ഞിപ്പുര' എന്ന പദ പ്രയോഗം നടത്തിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സ്കൂൾ പ്രഥമാദ്ധ്യാപകനെ സഹായിക്കുന്ന അദ്ധ്യാപകനെയോ അദ്ധ്യാപികയെയോ 'കഞ്ഞി ടീച്ചർ' എന്ന് പൊതുവേ വിളിക്കുന്ന സ്ഥിതി വിശേഷവും പലയിടങ്ങളിലുമുണ്ട്. ഇത്തരം പദപ്രയോഗങ്ങൾ ഉച്ചഭക്ഷണ പദ്ധതിയുടെ അന്തഃസ്സിനെയും അതിന്റെ അന്തഃസത്തയെയും അവഹേളിക്കുന്നതാകയാൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ലിഖിതവും അലിഖിതവുമായ എല്ലാ വിഷയങ്ങളിലും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം മുതൽ ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയം വരേയുള്ള സ്ഥാപനങ്ങളിലും സ്കൂളുകളിലും 'ഉച്ചക്കഞ്ഞി' എന്ന പദപ്രയോഗം പൂർണ്ണമായി ഒഴിവാക്കണമെന്ന് ഏവർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു. ഇത് സംബന്ധിച്ച ഒരു ബോധവത്ക്കരണം പി.ടി.എ, സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി, എസ്.എം.സി, മദർ പി.ടി.എ എന്നിവയ്ക്ക് നൽകുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**കെ.വി. മോഹൻ കുമാർ. ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

S.S